<u>മി. സ്പീക്കർ</u>: ഓർഡർ... ഓർഡർ... ചട്ടം 50 പ്രകാരം ഇന്ന് ലഭിച്ചിരിക്കുന്ന നോട്ടീസ് കോവിഡ് വ്യാപനം തടയുന്നതിനായി ഏർപ്പെടുത്തിയ ലോക്ഡൗണും മറ്റ് നിയന്ത്രണങ്ങൾമൂലവും പിഴയീടാക്കൽ മൂലവും പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ചാണ്. സഭയുടെ ഈ സമ്മേളനക്കാലയളവിൽ ഏറെക്കുറെ സമാനമായതും മേൽപ്പറഞ്ഞ വിഷയങ്ങളെ സംബന്ധിച്ചുള്ളതുമായ ഒരു അടിയന്തരപ്രമേയം, നാല് ശ്രദ്ധക്ഷണിക്കലുകൾ, മൂന്നിലധികം സബ്മിഷനുകൾ എന്നിവ സഭ മുമ്പാകെ വരികയുണ്ടായി. കൂടാതെ മൂന്ന് മണിക്കൂർ നീണ്ടുനിൽക്കുന്ന ധനാഭ്യർത്ഥന ചർച്ചവും ചട്ടം 300 പ്രകാരമുള്ള ഒരു പ്രസ്താവനയും ഇതുമായി ബന്ധപ്പെട്ട് സഭയിലുണ്ടായിട്ടുണ്ട്. ആ പ്രസ്താവനയെ സംബന്ധിച്ച ക്രമപ്രശ്നവും ഇന്നലെ ഉന്നയിക്കപ്പെടുകയുണ്ടായി. ഒരു അടിയന്തരപ്രമേയത്തിനുള്ള നോട്ടീസ് വീണ്ടും ഇക്കാര്യത്തിൽ ഉന്നയിക്കുന്നത് സ്വാഭാവികമായും ഉചിതമായ കാര്യമല്ല. മാത്രമല്ല, നോട്ടീസിൽ ഉന്നയിച്ചിരിക്കുന്ന തരത്തിലുള്ള ഒരു അടിയന്തര സ്വഭാവം ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളതായും കാണുന്നില്ല. എന്നിരുന്നാലും ഒരു പ്രത്യേക കേസായി പരിഗണിച്ച് ഇക്കാര്യം ഉന്നയിക്കാൻ അവസരം നൽകുകയാണ്. ഇതൊരു കീഴ്വഴക്കമായി

കാണേണ്ടതില്ല. ഇന്നത്തെ നോട്ടീസുമായി ബന്ധപ്പെട്ട് സഭയിൽ ഇതുവരെ ഉയർന്നുവരാത്ത കാര്യങ്ങൾ ഉണ്ടെങ്കിൽമാത്രം ചുരുക്കി പറയണം എന്ന വ്യവസ്ഥയിലാണ് അനുമതി നൽകുന്നത്. നോട്ടീസിന്റെ അവതരണവും മന്ത്രിയുടെ മറുപടിയും സാധാരണ അനുവദിക്കുന്നതിന്റെ പകുതിയിൽ താഴെ സമയം മാത്രം ഉപയോഗപ്പെടുത്തി കാര്യങ്ങൾ വിശദീകരിക്കേണ്ടതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുന്നത് മാത്രമല്ല, ഈ നിയന്ത്രണങ്ങളുടെ മറവിൽ പോലീസ് കനത്ത പിഴ ഈടാക്കുകയും പോലീസ് അതിക്രമങ്ങൾ വർദ്ധിച്ചുവരുകയും ചെയ്യുന്ന പ്രശ്നമാണ് recent occurrence-ഓടുകൂടി ഞങ്ങൾ നോട്ടീസിൽ പറഞ്ഞിരിക്കുന്നത്. വ്യാപകമായി പരാതികളാണ്. ആ വിഷയം ഞങ്ങൾ ഇതുവരെ ഉന്നയിച്ചിട്ടില്ല. ആ വിഷയം ഞങ്ങൾ ഇപ്പോൾ ഉന്നയിക്കുകയാണ്. ഇന്നലെ കൊണ്ടുവന്നത് ഒരു ക്രമപ്രശ്നമാണ്. ചട്ടം 300 അനുസരിച്ച് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ ഒരു സ്റ്റേറ്റ്മെന്റ് വച്ചുകഴിഞ്ഞാൽ അതിന്റെ സ്പിരിറ്റിന് വിരുദ്ധമായിട്ടുള്ള ഒരു ഗവൺമെന്റ് ഉത്തരവ് ചീഫ് സെക്രട്ടറിക്ക് ഇറക്കാമോ എന്ന റൂളുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണ്, ഒരു

നിയമപ്രശ്നമാണത്. അതിന്റെ മെരിറ്റിലേയ്ക്കല്ലല്ലോ പോകുന്നത്. ഇത് മെരിറ്റിലേയ്ക്ക് പോകുന്ന ഏറ്റവും റീസന്റായിട്ടുള്ള ഒക്വറൻസാണ്. ഇവിടെ ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റുമെന്റ് വച്ചതിനു വിരുദ്ധമായി അന്നുരാത്രി ചീഫ് സെക്രട്ടറി പുതിയൊരു ഉത്തരവിറക്കുന്നു. ആ ഉത്തരവ് കേരളം മുഴുവൻ വളരെ ഷോക്കോടുകൂടി നോക്കിക്കാണുന്നു. അതിനെ ബന്ധിപ്പിച്ച് ധാരാളം പോലീസ് എക്സസ് നടക്കുന്നു. ഈ വിഷയങ്ങൾ പല രീതിയിൽ ഡെവലപ് ചെയ്യുകയാണ്. അതുകൊണ്ടാണ് ആ വിഷയം വീണ്ടും ഞങ്ങൾക്ക് ചർച്ച ചെയ്യേണ്ടി വന്നത്. അങ്ങ് അതിന് അനുവദിച്ചതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. എങ്കിലും അത് വീണ്ടും കൊണ്ടുവരാനുണ്ടായ പശ്ചാത്തലം സംബന്ധിച്ച് പറയേണ്ട ബാധ്യത എനിക്കുള്ളതുകൊണ്ടാണ് ഞാനത് അങ്ങയോട് സൂചിപ്പിച്ചത്.

<u>മി. സ്പീക്കർ</u>: ഇത്തരം കാര്യങ്ങളിൽ ഇപ്പോൾ കൂടുതൽ സമയം നമ്മൾ നഷ്ടപ്പെടുത്തേണ്ടതില്ല. ഇന്ന് വെള്ളിയാഴ്ചയാണ്. അനൗദ്യോഗികാംഗങ്ങളുടെ ബിസിനസ്സുള്ള ദിവസമാണ്. അതുകൊണ്ട് കർശനമായി സമയനിയന്ത്രണം പാലിക്കേണ്ടതുണ്ട്.

അടിയന്തരപ്രമേയം

അശാസ്ത്രീയ ലോക്ഡൗൺ നിയന്ത്രണം

മി. സ്പീക്കർ: കോവിഡ് വ്യാപനം തടയുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള ലോക്ഡൗൺ നിയന്ത്രണങ്ങളും പിഴ ഈടാക്കുന്നതുംമൂലം ജനങ്ങൾക്കുളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കോവിഡ് രണ്ടാം തരംഗത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. രണ്ടാം തരംഗം കേരളത്തിൽ ആരംഭിച്ചത് ഏപ്രിൽ പകുതിയോടെയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പോലീസ് അതിക്രമത്തെക്കുറിച്ചാണ് ഞങ്ങൾ അടിയന്തരപ്രമേയം ഉന്നയിച്ചത്.

ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് അതിന് മറുപടി പറയേണ്ടത്, ആരോഗ്യ വകുപ്പുമന്ത്രിയല്ല. ഇത് തെറ്റാണ്.

മി. സ്പീക്കർ: ചെയർ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ മറുപടി പറയുന്നതിനായി വിളിച്ചുകഴിഞ്ഞു. ഇനി ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കട്ടെ. ദയവായി സഹകരിക്കുക.

ശ്രീമതി വീണാ ജോർജ്ജ്: സർ, നിയമസഭയിൽ ചട്ടം 300 പ്രകാരം അവതരിപ്പിച്ച പ്രസ്താവന സംബന്ധിച്ച ക്രമപ്രശ്നം ഇന്നലെ ഉന്നയിക്കുകയും അതിന് വിശദീകരണം നൽകുകയും ബഹുമാനപ്പെട്ട ചെയർ അത് തീർപ്പാക്കുകയും ചെയ്തിട്ടുള്ളതാണ്. ആദ്യ തരംഗം കേരളത്തിലുണ്ടാകുന്നത് 2020 മെയ് മാസം അവസാനത്തോടെയാണ്. രോഗവ്യാപനത്തെ പിടിച്ചുനിർത്താനാണ് ആദ്യ തരംഗത്തിൽ നമ്മൾ ശ്രമിച്ചതും രണ്ടാം തരംഗത്തിൽ ശ്രമിച്ചുകൊണ്ടിരിക്കുന്നതും. ജനിതക ശ്രേണീകരണത്തിലൂടെ രണ്ടാം തരംഗം അതിവ്യാപന ശേഷിയുള്ള ഡെൽറ്റാ വേരിയന്റ് കാരണമാണ് എന്നത് നമ്മൾ കണ്ടെത്തിയിട്ടുണ്ട്. രണ്ടാം തരംഗത്തിൽ 6,284 സാമ്പിളുകൾ Genome study-ക്ക് വിധേയമാക്കിയപ്പോൾ 90 ശതമാനവും ഡെൽറ്റാ വേരിയന്റ് മൂലമാണെന്ന് കണ്ടെത്തിയിരുന്നു.

അതിതീവ്ര വ്യാപനശേഷിയുള്ളതാണ് ഡെൽറ്റാ വേരിയന്റ്. ഇതിന്റെ പ്രത്യേകത, ഈ വേരിയന്റുമൂലം കോവിഡ് വന്നാൽ പോസ്റ്റ് കോവിഡ് രോഗങ്ങൾ ധാരാളമായിട്ടുണ്ടാകുന്നു എന്നുള്ളതാണ്. മറ്റ് അസുഖങ്ങൾ ഉള്ളവർ, അതായത് പ്രമേഹം, ബ്ലഡ് പ്രഷർ, ഹൃദ്രോഗം തുടങ്ങിയവയുള്ളവർ മരണത്തിന് കീഴ്പ്പെടുന്നു. ഇന്നലെ മാത്രം സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തത് 22,040 കോവിഡ് പോസിറ്റീവ് കേസ്സുകളാണ്. സംസ്ഥാനത്ത് ഇപ്പോൾ ചികിത്സയിലുള്ളത് 1,77,924 പേരാണ്. ഇന്നലെ പരിശോധിച്ച സാമ്പിളുകളുടെ എണ്ണം 1,63,396 ആണ്. അതിനുമുൻപുണ്ടായ 117 മരണങ്ങൾ ഇന്നലെ സ്ഥിരീകരിക്കുകയും ചെയ്തു. പല ജില്ലകളിലും Reproduction Number (RO Number) ഒന്നിൽക്കൂടുതലാണ്. അതിന്റെ അർത്ഥം നമ്മൾ ജാഗ്രതയോടെ ഇരുന്നില്ലെങ്കിൽ കുറച്ച് ദിവസങ്ങൾക്കുള്ളിൽ സംസ്ഥാനത്ത് രോഗികളുടെ എണ്ണം ഇരട്ടിയോ അതിലധികമോ ആകാം എന്നതാണ്. കോവിഡ് സാഹചര്യംതന്നെ ഇങ്ങനെ നിലനിൽക്കുമ്പോഴാണ് ജീവനോപാധികൾ നിശ്ചലമായിപ്പോകാതിരിക്കാൻ ഇടപെടൽ നടത്തി നിയന്ത്രണങ്ങളോടെ ഇളവുകൾ നൽകാൻ തീരുമാനിച്ചത്. എല്ലാ കാലവും നമുക്ക്

ലോക്ഡൗണിലൂടെ കോവിഡിനെ പ്രതിരോധിക്കാൻ കഴിയില്ല. ജനങ്ങളുടെ ജീവനേയും ജീവനോപാധിയേയും ഒരുപോലെ സംരക്ഷിക്കേണ്ടതുണ്ട്. അത് മുന്നിൽക്കണ്ടുള്ള പ്രവർത്തനങ്ങളാണ് കേരളം നടപ്പിലാക്കുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒന്നാം തരംഗം ഉണ്ടായപ്പോൾ പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിൽ പകച്ചുനിൽക്കുന്ന ഒരു കാഴ്ചയാണ് നമ്മൾ കണ്ടത്. എന്നാൽ കേരളം ശക്തമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ഇതിനെതിരായി ശക്തമായ പ്രതിരോധം തീർത്തു. അതിന്റെ ഫലമായി മരണനിരക്ക് കുറച്ചുകൊണ്ട് വരാൻ നമുക്ക് കഴിഞ്ഞു.

പ്രമേയാവതാരകൻ ചില സംഭവങ്ങളെക്കുറിച്ച് നോട്ടീസിൽ സൂചിപ്പിച്ചിട്ടുണ്ട്. രോഗവ്യാപനം തടയുന്നതിനുള്ള നിയന്ത്രണങ്ങൾ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിയന്ത്രണങ്ങൾ മറികടക്കാൻ ശ്രമിക്കുമ്പോൾ അതിനെ തടയേണ്ട പോലീസിന്റെ ഉത്തരവാദിത്തമാണ് അവർ നിർവ്വഹിച്ചിട്ടുള്ളത്. ഇവിടെ കോവിഡ്-19 രോഗസംക്രമണത്തിന്റെ ഇപ്പോഴത്തെ അവസ്ഥയിൽ അതീവ ജാഗ്രത പാലിച്ചില്ലെങ്കിൽ മൂന്നാം തരംഗമുണ്ടാകും എന്ന വിദഗ്ദ്ധാഭിപ്രായമുണ്ട്. അതോടൊപ്പം രണ്ടാം തരംഗത്തിൽനിന്നും നമ്മൾ പൂർണ്ണമായും മോചനം നേടിയിട്ടില്ല.

Seroprevalence പഠനമനുസരിച്ച് മൊത്തം ജനസംഖ്യയുടെ പകുതിയോളം പേർക്ക് രോഗസാധ്യത നിലനിൽക്കുകയാണ്. മാത്രമല്ല, അതിവ്യാപന ശേഷിയുള്ള ഡെൽറ്റാ വൈറസിന്റെ സാന്നിധ്യവുമുണ്ട്. വാക്സിനേഷൻ ഭൂരിഭാഗം പേരിലേയ്ക്ക് എത്തുന്നതിനുമുമ്പ് മൂന്നാം തരംഗം ഉണ്ടാകുകയാണെങ്കിൽ ഗുരുതരാവസ്ഥയും ആശുപത്രി അഡ്മിഷനുകളും വളരെ കൂടുതലാകും. ഇത് മുന്നിൽ കണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള നിയന്ത്രണങ്ങളാണ് സർക്കാർ ആലോചിക്കുന്നതും നടപ്പിലാക്കുന്നതും. പകർച്ചവ്യാധിയിൽനിന്ന് ജനങ്ങളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്തം ഒരു റെസ്പോൺസിബിൾ സ്റ്റേറ്റിനുണ്ട്. ആ ഉത്തരവാദിത്തമാണ് സംസ്ഥാന സർക്കാർ നിറവേറ്റുന്നത്. ഇതിൽ ബഹുമാനപ്പെട്ട പ്രതിപക്ഷത്തിന്റെ പൂർണ്ണമായ സഹകരണം അഭ്യർത്ഥിക്കുകയാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്ന് അറിയിക്കുകയാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞങ്ങൾ അടിയന്തരപ്രമേയ നോട്ടീസ് കൊടുത്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ്, മുഖ്യമന്ത്രി ഇതെല്ലാം കണ്ട് രസിക്കുകയാണ്. ഇത്രയും നിഷേധാത്മകമായ ഒരു

നിലപാട് സ്വീകരിക്കരുത്. ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രിയുടെ മറുപടി കേട്ടപ്പോൾ വെന്റിലേറ്റർ സപ്പോർട്ട് കൊടുക്കേണ്ട രോഗിക്ക് പനിക്ക് മരുന്ന് കൊടുത്തതുപോലെയായി. ഞാൻ ഒരു ഫേസ്ബുക്ക് പോസ്റ്റ് വായിക്കാം, "ഈ കോവിഡ് വിദഗ്ധ സമിതി അംഗങ്ങൾ ആരും കോമൺസെൻസ് വാക്സിൻ എടുത്തവരല്ലേ, എത്ര അപ്രായോഗികമാണ് പല നിബന്ധനകളും, മദ്യഷോപ്പുകൾക്ക് മുൻപിൽ നിൽക്കുന്നവർക്ക് ഇല്ലാത്ത നിബന്ധനകൾ അരിമേടിക്കാൻ പോകുന്നവർ പാലിക്കണംപോലും, വിദഗ്ധ സമിതിയുടെ വൈദഗ്ധ്യം സമ്മതിച്ചേ പറ്റൂ". ഇതാരുടെ പോസ്റ്റാണെന്ന് അറിയാമോ? മുഖ്യമന്ത്രിക്ക് നന്നായിട്ടറിയാം, യാക്കോബായ സഭയുടെ നിരണം ഭദ്രാസനാധിപൻ ഗീവർഗീസ് കൂറിലോസ് തിരുമേനിയുടേതാണ്. മുഖ്യമന്ത്രിക്ക് അറിയാവുന്ന ആളാണ്, അദ്ദേഹത്തിന്റെ ഫേസ്ബുക്ക് പോസ്റ്റാണ്. ഇത് വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ്, ഗവൺമെന്റിന്റെ നിലപാട് പുനഃപരിശോധിക്കണം, സർവ്വത്ര അടച്ചുപൂട്ടി, കേരളമാകെ പ്രതിസന്ധിയിലാക്കുന്ന നിലപാട് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷം ഇവിടെ പലപ്രാവശ്യം സംസാരിച്ചു. നിയമസഭയ്ക്ക് പുറത്ത് വ്യാപാരി വ്യവസായികൾ

സമരം പ്രഖ്യാപിച്ചു, ഐ.എം.എ. ഗവൺമെന്റിന്റെ ഈ നിലപാട് ശരിയല്ലെന്ന് പറഞ്ഞു. അതുപോലെ കേരളത്തിലെ എല്ലാവിധ സംരംഭകരും, തൊഴിലെടുത്ത് ജീവിക്കുന്ന എല്ലാപേരും, ഗവൺമെന്റിന്റെ അപ്രായോഗികമായ, അശാസ്ത്രീയമായ ഈ ലോക്ക്ഡൗൺ നിലപാടിനെതിരായി പ്രതിഷേധിച്ചു. ഞങ്ങളെല്ലാം പറഞ്ഞത് "ലിവ് വിത്ത് കോവിഡ്" എന്ന നിലപാട് സ്വീകരിക്കണമെന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന്റെ നിലപാട് തിരുത്തുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു. പക്ഷെ ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി ഇവിടെയൊരു പ്രഖ്യാപനം നടത്തി, ഞാൻ അതിന്റെ ഡീറ്റെയിൽസിലേയ്ക്ക് പോകുന്നില്ല. കടകൾ സന്ദർശിക്കുന്നവർ കോവിഡ്-19 വാക്സിന്റെ ആദ്യ ഡോസ് എങ്കിലും എടുത്തവരോ, 72 മണിക്കൂറുകൾക്കകം എടുത്തിട്ടുള്ള RTPCR നെഗറ്റീവ് സർട്ടിഫിക്കറ്റ് കൈവശം ഉള്ളവരോ അല്ലെങ്കിൽ കുറഞ്ഞത് ഒരു മാസം മുൻപെങ്കിലും കോവിഡ്-19 രോഗം പിടിപെട്ട് ഭേദമായ സർട്ടിഫിക്കറ്റ് കൈവശമുള്ളവരോ ആകുന്നതായിരിക്കും അഭികാമ്യം എന്ന രീതിയിലായിരുന്നു. എന്നാൽ ഉത്തരവ് ഇറങ്ങിയപ്പോൾ അത് നിർബന്ധമായി. മന്ത്രിയും ചീഫ് സെക്രട്ടറിയും പറയുന്നതിൽ, ആര്

പറയുന്നതാണ് വിശ്വസിക്കേണ്ടത് എന്നുള്ളതിനെക്കുറിച്ച് ഇപ്പോൾ സംശയമുണ്ടാകുകയാണ്. ചീഫ് സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം, "കുറഞ്ഞത് രണ്ടാഴ്ചയ്ക്ക് മുൻപെങ്കിലും കോവിഡ്-19 വാക്സിന്റെ ആദ്യ ഡോസ് എങ്കിലും എടുത്തവർക്കോ, 72 മണിക്കൂറുകൾക്കകം എടുത്തിട്ടുള്ള RTPCR നെഗറ്റീവ് സർട്ടിഫിക്കറ്റ് കൈവശം ഉള്ളവർക്കോ അല്ലെങ്കിൽ കുറഞ്ഞത് ഒരു മാസം മുൻപെങ്കിലും കോവിഡ്-19 രോഗം പിടിപെട്ട് ഭേദമായ സർട്ടിഫിക്കറ്റ് കൈവശമുള്ളവർക്കോ (തൊഴിലാളികൾ, സന്ദർശകർ) മാത്രമേ കടകൾ, കമ്പോളങ്ങൾ, ബാങ്കുകൾ, പൊതു/സ്വകാര്യ മേഖലയിലെ ഓഫീസുകൾ, ധനകാര്യസ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, ഫാക്ടറികൾ, തുറന്ന ടൂറിസ്റ്റ് ഇടങ്ങൾ, മറ്റ് സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ പ്രവേശനാനുമതിയുള്ളൂ." 5-ാമത്തെ ഖണ്ഡികയിൽ പറയുന്നത്, "മുൻഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളവരും അല്ലാത്തവരുമായ എല്ലാ ആളുകൾക്കും വാക്സിനേഷൻ, കോവിഡ്-19-ന്റെ പരിശോധന, മെഡിക്കൽ എമർജൻസി, മരുന്നുകൾ വാങ്ങൽ, ബന്ധുജനങ്ങളുടെ മരണം, അടുത്ത ബന്ധുക്കളുടെ വിവാഹം, ബസ്/ട്രെയിൻ/ഫ്ലൈറ്റ്/കപ്പൽ എന്നിവ കയറുന്നതിനായുള്ള പ്രാദേശിക യാത്ര, പരീക്ഷകൾ തുടങ്ങിയ അത്യാവശ്യ

സാഹചര്യങ്ങളിൽ വീടിന് പുറത്തിറങ്ങാവുന്നതാണ്." ഈ ഓർഡർകൂടി ഇറങ്ങിയപ്പോൾ വലിയ പ്രതീക്ഷയിലിരുന്ന ജനങ്ങൾ ഇപ്പോൾ വലിയ നിരാശയിലാണ്. ആനകൊടുത്താലും ആശ കൊടുക്കരുതെന്ന് പറയും, ഇവിടെ അതാണ് ഉണ്ടായത്. കാത്തുകാത്തിരുന്ന്, ആറ്റുനോറ്റിരുന്ന് പ്രസവിച്ചത് ചാപിള്ളയായിപ്പോയി എന്ന് പറയുന്നതുപോലെയാണ് ഗവൺമെന്റ് ഇപ്പോൾ.....

മി. സ്പീക്കർ: അങ്ങേയ്ക്ക് ഒരു മിനിറ്റ് കൂടി...

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): ഒരു മിനിറ്റിൽ എങ്ങനെയാണ് അടിയന്തരപ്രമേയം അവതരിപ്പിക്കുന്നത്?

മി. സ്പീക്കർ: നേരത്തെ ഉപാധിക്കുവിധേയമായിട്ടാണ് അനുവദിച്ചത്. ഉള്ള സമയം കൂടി കളയണ്ട, ഒരു മിനിറ്റുകൂടി വേണമെങ്കിൽ സംസാരിക്കാം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): അതുകൊണ്ട് ഇപ്പോൾ ഇറക്കിയിട്ടുള്ള ഉത്തരവനുസരിച്ച് യുവാക്കൾ വീട്ടിലിരിക്കേണ്ടി വരും. കാരണം വാക്സിനേഷൻ എടുത്ത ആളുകളിൽ യുവാക്കൾ കുറവാണ്. യുവാക്കൾ വീട്ടിലിരിക്കുകയും പ്രായമായ ആളുകൾ കടകളിൽ പോകാനുമുള്ള വിചിത്രമായ വാദമാണ് ഇപ്പോഴുള്ളത്. 18 മുതൽ 45 വയസ്സുവരെയുള്ളവരിൽ

28.6 ശതമാനം പേരാണ് വാക്സിനേഷൻ എടുത്തിട്ടുള്ളത്. സർക്കാരിന്റെ കണക്കുപ്രകാരം തന്നെ 16,000 ആളുകൾ മരിച്ചു. അതുപോലെ മുൻധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പറഞ്ഞ കണക്കനുസരിച്ച് 80,000 കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. പണിയെടുക്കുന്ന കൂലിപ്പണിയെടുക്കുന്ന, വ്യാപാരികൾ തുടങ്ങിയ പതിനായിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ടു.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: രണ്ടാം തരംഗം വന്നതിനുശേഷം 22 പേർ ആത്മഹത്യ ചെയ്തു, ഇന്നത്തെ പത്രത്തിൽ വന്നിട്ടുണ്ട്. (കൈവശമുണ്ടായിരുന്ന പത്രക്കെട്ട് ഉയർത്തി കാണിച്ചു)

<u>മി. സ്പീക്കർ</u>: ഇതെല്ലാം നേരത്തെ പറഞ്ഞ കാര്യങ്ങളാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: ഞാൻ വായിക്കുന്നില്ല. വടകരയിൽ ആത്മഹത്യയുണ്ട്. (...മൈക്ക് ഓഫ്....)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി.....

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്)</u>: സർ, ബഹുമാന്യനായ പ്രമേയാവതാരകൻ എന്താണ് പറയാൻ

ഉദ്ദേശിച്ചത്, എന്താണ് അദ്ദേഹം പറഞ്ഞതെന്ന് ഈ സഭയിലിരിക്കുന്ന ആർക്കും മനസ്സിലായതായി എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് വെന്റിലേറ്റർ സപ്പോർട്ട് ആർക്കാണ്, എന്തിനാണ് വേണ്ടതെന്നുകൂടി നമ്മൾ ഒന്ന് ചിന്തിക്കുന്നത് നന്നായിരിക്കും. കോവിഡ് വ്യാപനത്തിന്റെ ആദ്യഘട്ടത്തിൽ അന്തർ സംസ്ഥാന യാത്രകൾക്ക് എല്ലാ സംസ്ഥാനങ്ങളും ചില നിയന്ത്രണങ്ങളും നിബന്ധനകളും ഏർപ്പെടുത്തിയിരുന്നു. ബസ്സ്, ട്രെയിൻ, വിമാന യാത്രകൾക്കും, കർശനമായ നിബന്ധനകൾക്ക് വിധേയമായാണ് ഒരു ഘട്ടം കഴിഞ്ഞ ശേഷം അനുമതി നൽകിയത്. എന്നാൽ കേരളത്തിൽ യു.ഡി.എഫ്. നേതാക്കൾ ചെക്ക് പോസ്റ്റുകളിൽ കൂട്ടം കൂടി പ്രതിഷേധിക്കാനും, ശാസ്ത്രീയമായ അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയ നിബന്ധനകളെ വെല്ലുവിളിക്കാനും മുൻകയ്യെടുത്തത് മറക്കാൻ കഴിയുകയില്ല. അതിലൂടെ കോവിഡ് രോഗം പലർക്കും ബാധിച്ചുവെന്നത് ഒരു വസ്തുതയാണ്. ......(ബഹളം).......... പറയാൻ അനുവദിക്കൂ..

<u>മി. സ്പീക്കർ</u>: വളരെ വ്യക്തമായി ഈ അടിയന്തരപ്രമേയം അനുമതിതേടി സംസാരിക്കാൻ അവസരം കൊടുക്കുന്നതുതന്നെ ഉപാധികളോടെ ആയിരുന്നു. ഉപാധികളോടെയാണ് സാധാരണയെടുക്കുന്ന

സമയത്തിന്റെ പകുതിയെ എടുക്കാവൂ എന്ന് പറഞ്ഞതാണ്, പലതവണ ഇവിടെ ഉന്നയിക്കപ്പെട്ട കാര്യവുമാണ്. ചെയർ ഒരു ഉദാരമായ സമീപനം സ്വീകരിക്കുന്നതിനെ ദുരുപയോഗപ്പെടുത്താൻ പാടില്ല. .... (ബഹളം).......... ബഹളമൊന്നും വയ്ക്കേണ്ടതില്ല, അങ്ങനെ സമ്മർദ്ദത്തിലാക്കാൻ ശ്രമിക്കരുത്, അതൊന്നും വേണ്ട. ബഹുമാനപ്പെട്ട മന്ത്രി.....

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, കൊറോണ വൈറസിന്റെ വ്യാപനം തടയാൻ ജനങ്ങളുടെ സഹകരണത്തോടെ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സർക്കാർ നിർബന്ധിതമാകുമ്പോൾ, അതിനെതിരെ നിഷേധാത്മക നിലപാടുകൾ സ്വീകരിച്ചുകൊണ്ട് എതിർക്കുന്നത് വളരെ നിർഭാഗ്യകരമാണ്. കേരളത്തിലെ സാഹചര്യം രാജ്യത്തെ സാഹചര്യത്തിൽ നിന്ന് വ്യത്യസ്തമാണ്. നമ്മുടെ ജനസംഖ്യാഘടനയിൽ പ്രായമായവരുടെ അനുപാതം വളരെക്കൂടുതലാണ്. നമ്മുടെ ആരോഗ്യരംഗത്തെ ഫലപ്രദമായ ഇടപെടലിന്റെ ഭാഗമായിട്ടാണ് ആയുർദൈർഘ്യം കൂടിയത്. എന്നാൽ പ്രായമായവർ, കോവിഡ് രോഗത്തിന് വിധേയമാകാനുള്ള സാധ്യത വളരെക്കൂടുതലാണ്. ജനസാന്ദ്രതയും നമ്മുടെ സംസ്ഥാനത്ത്

വളരെക്കൂടുതലാണ്, ദേശീയ ശരാശരിയെക്കാൾ ഇരട്ടിയാണ്. വളരെയേറെപ്പേർ ഇനിയും രോഗം വരാത്തവരാണ്, അതാണ് ഐ.സി.എം.ആർ.-ന്റെ സിറോപ്രിവലൻസ് സ്റ്റഡിയിൽ 50 ശതമാനത്തിലധികം ആളുകൾക്ക് ഇനിയും രോഗം വരാനുണ്ട് എന്നുപറഞ്ഞത്. ഇക്കാരണത്താൽ ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ എടുത്തുമാറ്റുമ്പോഴും ചില ലഘൂകരിച്ച നിയന്ത്രണങ്ങൾ ആവശ്യമായി വരും. അത് വളരെയേറെ ആലോചിച്ച ശേഷമാണ് സർക്കാർ നടപ്പിലാക്കുന്നത്, ഇതിനെ എതിർക്കുന്നത് കോവിഡ് വ്യാപനം എത്രയായാലും വേണ്ടില്ല, സർക്കാരിന് ദുഷ്പേര് ആകുമെങ്കിൽ ഉണ്ടാകട്ടെ എന്ന സമീപനത്തിന്റെ ഭാഗമായാണ്. ഇവിടെ ഒന്നുരണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ പറയണമെന്ന് ആഗ്രഹിക്കുകയാണ്. ഒന്ന്, സർക്കാരിന്റെ പ്രധാനപ്പെട്ട ദൗത്യം ജനങ്ങളെ സംരക്ഷിക്കുകയെന്നുള്ളതാണ്. ഏറ്റവും ജനസാന്ദ്രത കൂടിയതും സീനിയർ സിറ്റിസൺസിന്റെ എണ്ണം വളരെ കൂടുതലായതും ജീവിതശൈലീ രോഗികളുടെ എണ്ണം കൂടുതലായതുമായ സംസ്ഥാനമാണ് കേരളം. ഇതുവരെ 3493603 പേർക്കാണ് കോവിഡ് ബാധിച്ചത്, ഇതിൽ 3297834 പേരെ രക്ഷിക്കാൻ നമുക്ക് കഴിഞ്ഞു. 17000-ത്തിലധികം ആളുകളുടെ ജീവൻ

നഷ്ടപ്പെട്ടിട്ടുണ്ട്. ഏറ്റവും കൂടുതൽ മരണങ്ങൾ ഉണ്ടായിട്ടുള്ളത് മെയ് മാസത്തിലാണ്. 4771 മരണങ്ങളാണ് ഉണ്ടായത്. ജൂൺ മാസത്തിൽ 3829-ഉം ജൂലൈ മാസത്തിൽ 2800-ഉം മരണങ്ങൾ ഉണ്ടായി. ബഹുമാനപ്പെട്ട സുപ്രീംകോടതി ഇതുമായി ബന്ധപ്പെട്ട് ഒരു പരാമർശം നടത്തിയിട്ടുണ്ട്, അത് നമ്മൾ കാണാതിരിക്കരുത്. കാരണം വാസ്തവത്തിൽ നമ്മൾ ശ്രമിക്കുന്നത്, പകർച്ചവ്യാധിയുമായി ബന്ധപ്പെട്ട് ടെസ്റ്റ് ചെയ്യുക, ട്രേസ് ചെയ്യുക, ട്രീറ്റ് ചെയ്യുക, രോഗം വ്യാപിക്കാതെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക, വാക്സിനേഷൻ ജനങ്ങൾക്കാകമാനം നൽകുക എന്നുള്ളതാണ്. അവിടെയാണ് ഇത്തരം നിയന്ത്രണങ്ങൾ എടുത്തു മാറ്റുന്ന സമീപനം സർക്കാർ സ്വീകരിച്ചപ്പോൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഇതുസംബന്ധിച്ചൊരു കേസ് വരികയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞ കാര്യം ഭരണഘടനയുടെ 21-ാം അനുച്ഛേദം ഉറപ്പുനൽകുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയെന്നുള്ളതിന് പ്രഥമ പരിഗണന നൽകിക്കൊണ്ടുവേണം കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വരുത്തേണ്ടതെന്നുള്ളതാണ്. 20-07-2021-ലെ സുപ്രീം കോടതിയുടെ വിധിയിൽ പറയുന്നത് ......(ബഹളം)........

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി വളരെ വിശദമായി പറയണമെന്നില്ല.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, ഒരു മിനിറ്റു കൂടി.... "To give in to pressure groups so that the citizenry of India is laid bare to a nationwide pandemic discloses a sorry state of affairs," എന്നാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി പറഞ്ഞിട്ടുള്ളത്. ഭരണഘടനയുടെ 21-ാം അനുച്ഛേദ പ്രകാരം ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കേണ്ട ഉത്തരവാദിത്വം സ്റ്റേറ്റിനാണ്, അതുസംബന്ധിച്ച് നമുക്ക് ഒറ്റയടിക്ക് പൂർണ്ണമായ ഇളവുകൾ കൊണ്ടുവരാൻ കഴിയില്ല. കൃത്യമായ അവലോകനങ്ങളിലൂടെ, വിലയിരുത്തലുകളിലൂടെയാണ് നമ്മൾ മുന്നോട്ട് പോകുന്നത്, നിയന്ത്രണമില്ലാതെ നമ്മൾ മുന്നോട്ടുപോയാൽ അതിനുപകരം നമ്മൾ കൊടുക്കേണ്ട വില ജനങ്ങളുടെ ജീവനുകളായിരിക്കും. അത് നമ്മൾ അനുവദിക്കണോയെന്നുള്ളത് ചിന്തിക്കണം. ഒരു കാരണവശാലും നമുക്ക് അതിന് കഴിയില്ല. അതുകൊണ്ടുതന്നെയാണ് വാക്സിൻ എടുത്തവർ, പരിശോധാഫലം നെഗറ്റീവായവർ എന്നുപറയുന്നത്. ഒരു മാസത്തിനകം എല്ലാപേർക്കും ഒരു ഡോസ് ആദ്യ വാക്സിൻ നൽകണമെന്നുള്ളതാണ്

സർക്കാർ ആലോചിക്കുന്നത്, കേന്ദ്രത്തിൽനിന്ന് ആ രീതിയിൽ ഡോസുകൾ നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇനി ഓണമാണ് വരുന്നത്. ഇത് എല്ലാക്കാലത്തേയ്ക്കുമെടുത്ത തീരുമാനമല്ല. എല്ലാപേരും വാക്സിനേറ്റഡാകുന്ന വളരെക്കുറഞ്ഞ സമയപരിധിക്കുള്ളതാണ്. അതുകൊണ്ടുതന്നെ നമ്മൾ ഒന്നിച്ചുനിന്നുകൊണ്ട്, പകർച്ചവ്യാധി തടയുന്നതിനും ജീവനോപാധികൾ സംരക്ഷിക്കുന്നതിനുമൊപ്പം അതിനുവേണ്ടിയെടുത്ത നിയന്ത്രണങ്ങളോടും സഹകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മി.സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ, ബഹളമുണ്ടാക്കുന്ന അംഗങ്ങൾ ഒരിക്കൽക്കൂടി മനസ്സിലാക്കേണ്ട കാര്യം ഈ സമ്മേളന കാലയളവിൽ മാത്രം ഒരു ഡസനോളം തവണ പല മാർഗ്ഗങ്ങളിലൂടെ ഉന്നയിക്കപ്പെട്ടൊരു കാര്യമാണിത്. വ്യവസ്ഥകൾക്ക് വിധേയമായാണ് സംസാരിക്കാൻ അനുവദിച്ചത്. ആ പറഞ്ഞ വ്യവസ്ഥ നടപ്പിലാക്കുകമാത്രമേ ചെയർ ചെയ്തിട്ടുള്ളൂ.

ബഹുമാനപ്പെട്ട ആരോഗ്യ-വനിതാ-ശിശു വികസന വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിന്റെ ചീഫ് സെക്രട്ടറി മിനിഞ്ഞാന്ന് രാത്രി ഇറക്കിയ ഉത്തരവിനെ സംബന്ധിച്ച വിഷയം എങ്ങനെയാണ് ഞങ്ങൾ ഒരുഡസൻ പ്രാവശ്യം ഈ സഭയിൽ അവതരിപ്പിക്കുക? അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയ ബഹുമാനപ്പെട്ട അംഗത്തിനെ അദ്ദേഹത്തിന്റെ വാചകങ്ങൾ മുഴുമിപ്പിക്കാൻപോലും സമ്മതിക്കാത്തതിൽ ഞങ്ങൾക്ക് വളരെ ദുഃഖമുണ്ട്. I register my strong protest. ഇവിടെ സർക്കാർ ജനങ്ങളെ കളിയാക്കുകയാണ്, യഥാർത്ഥത്തിൽ പരിഹസിക്കുകയാണ്. നിലവിലുണ്ടായിരുന്ന നിയന്ത്രണങ്ങളിൽ ഇളവ്വരുത്തുമെന്ന് പ്രഖ്യാപിക്കുകയും എന്നാൽ പ്രഖ്യാപനത്തിന് മുമ്പുള്ളതിനേക്കാൾ കൂടുതൽ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുകയുമാണ് ഇപ്പോൾ ചെയ്തിരിക്കുന്നത്, ഇത് ജീവിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചിരിക്കുന്നു. ഈ ഉത്തരവനുസരിച്ച് എന്താണ് പറഞ്ഞിരിക്കുന്നത്? ഒരു ഡോസ് വാക്സിനെടുത്തവർ, എഴുപത്തിരണ്ട് മണിക്കൂറിനുമുമ്പ് ആർ.ടി.പി.സി.ആർ പരിശോധനാഫലം നെഗറ്റീവാണെന്ന സർട്ടിഫിക്കറ്റ് ലഭ്യമായവർ, ഒരു

മാസം മുമ്പ് കോവിഡ് രോഗം വന്ന് ഭേദമായവർ എന്നീ മൂന്ന് വിഭാഗങ്ങളിലുൾപ്പെടാത്ത ആർക്കും ഒരു കടയിലോ സ്ഥാപനത്തിലോ കയറാൻ പറ്റാത്ത സാഹചര്യമാണുള്ളത്. കേരളത്തിൽ ഒരു ഡോസ് വാക്സിൻ മാത്രം എടുത്തത് 42.14% ആളുകളാണ്. അതിന്റെയർത്ഥം കേരളത്തിലെ 57.86% അളുകൾക്ക് കടയിൽപ്പോകാൻപോലും സാധിക്കില്ലെന്നതാണ്, അഥവാ പോകണമെങ്കിൽ 500 രൂപകൊടുത്ത് ആർ.ടി.പി.സി.ആർ പരിശോധന നടത്തി സർട്ടിഫിക്കറ്റെടുക്കണം. എന്തുതരത്തിലുള്ള നിയന്ത്രണമാണിത്? നേരത്തേ വാക്സിൻ കൊടുത്തിരുന്നത് എങ്ങനെയാണെന്ന് ബഹുമാനപ്പെട്ട അംഗം കെ. ബാബു (തൃപ്പൂണിത്തുറ) ഇവിടെ ചൂണ്ടിക്കാണിച്ചുകഴിഞ്ഞു. നാൽപ്പത്തിയഞ്ച് വയസിന് മുകളിലുള്ളവർക്ക് വാക്സിനേഷന് മുൻഗണന നൽകിയിരുന്നു, അതായത് ഏറ്റവും കൂടുതൽ വാക്സിൻ എടുത്തത് നാൽപ്പത്തിയഞ്ച് വയസിന് മുകളിലുള്ളവരാണ്. പ്രസ്തുത പ്രായത്തിന് താഴെയുള്ളവരിൽ വാക്സിനെടുത്തത് വളരെക്കുറച്ച് പേർക്കാണ്. മാത്രവുമല്ല അറുപത് വയസിന് മുകളിലുള്ളവർക്ക് റിവേഴ്സ് ക്വാറന്റൈൻ വേണമെന്ന് സർക്കാർ നിഷ്കർഷിക്കുകയും ചെയ്തിരുന്നു. എന്നാൽ അറുപത് വയസിനുമുകളിലുള്ള റിവേഴ്സ് ക്വാറന്റൈനിൽ

പോകേണ്ടയാളുകൾ കടയിൽപ്പോകുകയും നാൽപ്പത്തഞ്ച് വയസിൽ താഴയുള്ളവർ വീട്ടിലിരിക്കുകയും ചെയ്യുന്ന വിചിത്രമായ സംഭവമാണ് ഈ ഉത്തരവിൽ പ്രതിഫലിക്കുന്നത്. ആരുടെ ആലോചനാഫലമാണിത്? ഇത്തരം കാര്യങ്ങളിൽ ഒരു സാമാന്യബോധമാണ് യഥാർത്ഥത്തിൽ പ്രയോഗിക്കേണ്ടതെന്ന് ഞങ്ങൾ എപ്പോഴും പറയാറുണ്ട്. കോവിഡ് നിയന്ത്രണവുമായി ബന്ധപ്പെട്ടുകൊണ്ട് പോലീസിന് എന്തുവേണമെങ്കിലും ചെയ്യാനുള്ള ലൈസൻസാണ് ചീഫ് സെക്രട്ടറിയുടെ ഉത്തരവിലൂടെ കൈവരുന്നത്. പ്രമേയാവതാരകൻ നേരത്തേ പറഞ്ഞ നാലോ, അഞ്ചോ കാര്യങ്ങൾക്കൊഴികെ പുറത്തിറങ്ങുന്ന ആരെയും തടഞ്ഞുനിർത്താനും അവരിൽ നിന്നും ഫൈൻ ഈടാക്കാനുമുള്ള അളവറ്റ അധികാരങ്ങൾ പോലീസിന് വിട്ടുകൊടുത്തിരിക്കുന്ന നടപടിയാണ് ഈ ഉത്തരവിലൂടെ സംഭവിച്ചിരിക്കുന്നത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും പോലീസ് അതിക്രമത്തിന്റെയും കടന്നുകയറ്റത്തിന്റെയും നിരവധി കാര്യങ്ങളുടെ രേഖകൾ എന്റെ കൈവശമുണ്ട്, സമയക്കുറവുമൂലം ഞാൻ വായിക്കുന്നില്ല, അവ പറഞ്ഞാലൊടുങ്ങാത്തത്രയുമുണ്ട്. ഇങ്ങനെയുള്ള സംഭവങ്ങളുടെ വാർത്തകൾ ഓരോ പ്രദേശത്തുനിന്നും വന്നുകൊണ്ടിരിക്കുകയാണ്. ഒരു

പെൺകുട്ടി അമ്മയോടൊപ്പം എ.ടി.എം. കൗണ്ടറിന് മുമ്പിൽ ക്യൂ നിൽക്കുന്ന സമയത്ത്, മറ്റൊരാൾ പെറ്റിതുക കൊടുത്തതിന്റെ പേരിൽ പോലീസുമായി തർക്കിക്കുന്നതുകണ്ട് എന്താണ് വിഷയമെന്ന് ചോദിച്ചതിന്, ആ പെൺകുട്ടിക്കും പോലീസ് പെറ്റി എഴുതിക്കൊടുത്തു. ഈ നടപടിയെ ചോദ്യംചെയ്തപ്പോൾ പോലീസ് പെൺകുട്ടിയെ അസഭ്യം പറയുകയും പകർച്ചവ്യാധി നിയന്ത്രണ നിയമപ്രകാരം കേസെടുക്കുകയും ചെയ്തു. ഓരോ ആവശ്യത്തിനായി റോഡിലിറങ്ങുമ്പോൾ നാട്ടിലെ പെൺകുട്ടികളെ, നമ്മുടെ പെൺമക്കളെ, അസഭ്യം പറയാനും അവർക്കെതിരെ കള്ളക്കേസെടുക്കാനും നിങ്ങളുടെ പോലീസിന് ആരാണ് അധികാരം നൽകിയത്? ഗവൺമെന്റ് പോലീസിനെ കയറൂരി വിട്ടിരിക്കുകയാണ്. തൊഴിലെടുത്തുപോലും ജീവിക്കാൻ പറ്റാത്ത നിയന്ത്രണങ്ങൾ വന്നിരിക്കുകയാണ്. ലാത്തിപ്രയോഗിച്ചും തെറിയഭിഷേകം നടത്തിയും വഴിയിൽ നിൽക്കുന്നവന്റെ നേരെ തട്ടിക്കയറിയുമാണോ നിങ്ങൾ കോവിഡിനെ പ്രതിരോധിക്കുന്നത്? കോവിഡ് ഒരു ക്രമസമാധാന പ്രശ്നമല്ല, അതൊരു ആരോഗ്യപ്രശ്നമാണ്. ഇപ്പോൾ എല്ലാവർക്കും പോലീസിനെക്കണ്ടാൽ പേടിയാണ്, ജനമൈത്രി പോലീസ് എന്നതൊക്കെ പോയി. നാൽപ്പത് അമ്പത് വർഷംമുമ്പുള്ള

സിനിമയിൽ കാണുന്ന ഒരു പോലീസുണ്ട്, അക്കാലങ്ങളിൽ സാധാരണ കണ്ടുവരുന്ന കഥാപാത്രമാണ് ഹെഡ് കുട്ടൻപിള്ള. കൂർമ്പൻ തൊപ്പിവച്ച്, വലിയ കൊമ്പൻ മീശയുള്ള, ചുവന്ന കണ്ണുകളോടെ, കുടവയറുള്ള ഹാഫ് നിക്കറിട്ട പോലീസുകാരൻ. അയാൾ തെരുവിലിറങ്ങുമ്പോൾത്തന്നെ ആളുകൾ ഓടി അകത്തുകയറി വാതിൽ കൊട്ടിയടയ്ക്കും. അക്കാലങ്ങളിൽ ഭക്ഷണം കഴിക്കാതെ വാശികാണിക്കുന്ന കുട്ടികളെ കുട്ടൻപിള്ള പോലീസ് വരുമെന്ന് പറഞ്ഞ് പേടിപ്പിച്ചിട്ടാണ് അമ്മമാർ ഭക്ഷണം കഴിപ്പിക്കുന്നത്. ഈ സർക്കാർ അൻപത് കൊല്ലം മുമ്പുള്ള കുട്ടൻപിള്ള പോലീസിന്റെ കാലത്തേയ്ക്ക് നമ്മുടെ പോലീസിനെ മടക്കിക്കൊണ്ട് കൊണ്ടുപോയിരിക്കുകയാണ്... അത്രമാത്രം പിഴയാണ് ചുമത്തുന്നത്, ആളുകളെ പീഡിപ്പിക്കുകയാണ്. ഞാൻ അവസാനിപ്പിക്കുകയാണ്, ചീഫ് സെക്രട്ടറി കഴിഞ്ഞ ദിവസം ഇറക്കിയ ഉത്തരവിലെ അനുബന്ധം (5) ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നു വായിച്ചു നോക്കണം. അതനുസരിച്ച് പുറത്തിറങ്ങാൻ സാധിക്കില്ല, ജോലിക്ക് പോകാൻ സാധിക്കില്ല, നിങ്ങൾ ജോലിക്ക് പോകുകയാണെങ്കിലും നിങ്ങളെ തടഞ്ഞുനിർത്താം. കടയിൽ കയറണമെങ്കിൽ അഞ്ഞൂറ് രൂപയുടെ ആർ.ടി.പി.സി.ആർ. പരിശോധന

നടത്തണമെന്നത് എന്തൊരു നിബന്ധനയാണ്! അങ്ങ് സോഷ്യൽ മീഡിയ നോക്കണം, 'തണൽ' -ലെ ശ്രീ. ശ്രീധരനുൾപ്പെടെയുള്ള കേരളത്തിലെ പ്രമുഖരായ വ്യക്തികൾ കൊടുത്തിരിക്കുന്ന ഫേസ്ബുക്ക് പോസ്റ്റ് വായിക്കണം. എനിക്കുവേണ്ടി ആരാണ് പുറത്തുപോയി സാധനം വാങ്ങിക്കുകയെന്നാണ് അദ്ദേഹം ആ ഫേസ്ബുക്ക് പോസ്റ്റിലൂടെ ചോദിച്ചത്, അദ്ദേഹത്തിന് പുറത്തുപോകാൻ സാധിക്കില്ല. നമ്മുടെ നാട്ടിൽ പ്രായമായ ആളുകളില്ലേ, വന്ദ്യവയോധികരായ ദമ്പതിമാരില്ലേ, മക്കൾക്കൊക്കെ ഗൾഫിലും മറ്റും ജോലിയും രക്ഷിതാക്കൾ നാട്ടിലും എന്ന അവസ്ഥയിൽ ജീവിക്കുന്ന ആളുകളില്ലേ, പുറത്തിറങ്ങാൻ കഴിയാത്ത ആളുകളില്ലേ? അവർക്കൊക്കെ കടയിൽ പോയി സാധനം വാങ്ങിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകും. റിയാസ് എന്നൊരു ചെറുപ്പക്കാരൻ അയാൾക്ക് കിട്ടിയിരിക്കുന്ന മുഴുവൻ പിഴയും കഴുത്തിൽതൂക്കി നടക്കുന്നത് കണ്ടില്ലേ? നൂറ്റിയൻപത് പെറ്റിയാണ് അദ്ദേഹത്തിന് കിട്ടിയത്. വഴിയിൽ ആരെക്കണ്ടാലും പോലീസ് പിഴചുമത്തും. പോലീസിന് നിങ്ങൾ ക്വാട്ട നിശ്ചയിച്ചുകൊടുത്തിരിക്കുകയാണ്. അവസാനം ചരിത്രത്തിൽ ഈ സർക്കാരിനുള്ള പേര് പെറ്റി സർക്കാർ എന്നായിരിക്കുമെന്നതിൽ ഒരു

സംശയവും വേണ്ട. ആളുകളെ ഇങ്ങനെ ബുദ്ധിമുട്ടിച്ചുകൊണ്ടാണോ കോവിഡ് പ്രതിരോധം നടത്തേണ്ടത്? ഈ കാര്യങ്ങളെല്ലാം തീരുമാനിച്ചത് ആരാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കണം, തീർച്ചയായും തിരുത്തണം. അല്ലെങ്കിൽ പോലീസ് അതിക്രമങ്ങൾകൊണ്ടും പിഴചുമത്തൽകൊണ്ടും കേരളത്തിലെ പോലീസ് കോവിഡിന്റെ പേരിൽ ജനങ്ങളെ മുഴുവൻ ദ്രോഹിക്കുന്ന അവസ്ഥ വരും. ഇതൊരു ക്രമസമാധാനപ്രശ്നമായി എടുക്കരുതെന്ന് ഞങ്ങൾ ആവർത്തിച്ച് പറയുകയാണ്. പോലീസ് അതിക്രമം അവസാനിപ്പിക്കണം. ഈ വിഷയത്തിൽ കൈക്കൊള്ളുന്നത് വളരെ നിഷേധാത്മകമായ നിലപാടാണ്. ഏത് തെറ്റ് ചൂണ്ടിക്കാണിച്ചാലും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ ഞങ്ങൾ ചെയ്തതാണ് ശരി എന്നുപറഞ്ഞുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ പൊതുസമൂഹം മുഴുവൻ ഈ നടപടി തിരുത്തണമെന്ന് ഒരേ ശബ്ദത്തിൽ ആവശ്യപ്പെടുകയാണ്. അപ്പുറത്തിരിക്കുന്നവരുടെയല്ലാം മനസ് ഞങ്ങൾക്കറിയാം. ആരും ഈ ഉത്തരവിനോട് യോജിക്കുന്നവരല്ല, എല്ലാവരും ഇതിനെതിരാണ്. കേരളത്തിലെ പൊതുസമൂഹത്തിന്റെ ബുദ്ധിമുട്ട് മനസിലാക്കണം.

കോവിഡിനെ പ്രതിരോധിക്കുന്നതിൽ ഞങ്ങൾ കൂടെയുണ്ടാകുമെന്നതിൽ സംശയംവേണ്ട, ഞങ്ങൾ ചെയ്യാത്ത സഹായമെന്താണ്; കേരളത്തിലെ നാൽപ്പത് ശതമാനം വരുന്ന തദ്ദേശ സ്ഥാപനങ്ങൾ ഞങ്ങളല്ലേ ഭരിക്കുന്നത്; ഏതെങ്കിലുമൊരു പഞ്ചായത്തിൽ ഞങ്ങളുടെയാളുകൾ ഇതിനെതിരായ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; എം.പി.-മാരും എം.എൽ.എ.-മാരും തദ്ദേശജനപ്രതിനിധികളും തുടക്കംമുതൽ കോവിഡ് വിഷയത്തിൽ ഒരെതിർപ്പുമില്ലാതെ കൂടെയില്ലേ? പോലീസ് കടന്നുകയറ്റങ്ങൾക്ക് അനുവദിക്കുന്നതരത്തിൽ വാതിൽ തുറന്നുകൊടുക്കുന്ന ഇത്തരം നടപടികൾ ചെയ്യുമ്പോൾ ഞങ്ങൾക്ക് യോജിക്കാൻ കഴിയില്ല. തെറ്റുകണ്ടാൽ ചൂണ്ടിക്കാണിക്കുകതന്നെ ചെയ്യും. ഈ നടപടി വലിയൊരു പാതകമാണ്. ഇത്തരം ബുദ്ധിമുട്ടുകൾകൊണ്ട് ഇന്നലെ മാത്രം മരിച്ചത് നാലുപേരാണ്, അത് ഇന്നത്തെ പത്രത്തിലുണ്ട്. രണ്ട് വ്യാപാരികളും രണ്ട് ഓട്ടോറിക്ഷാ ഡ്രൈവർമാരും ജീവനൊടുക്കി. കേരളത്തിലെ ആത്മഹത്യകളെ വർദ്ധിപ്പിക്കാനാണോ നിങ്ങളിങ്ങനെ ചെയ്യുന്നത്; ആളുകളെ ഇനിയും ദ്രോഹിക്കുകയാണോ? ഈ സർക്കാരിന്റെ നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയിലെ അംഗങ്ങളും വാക്കൗട്ട്

ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ഡോ. എം. കെ. മുനീർ: സർ, ഡിസാസ്റ്റർ മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റ് തന്നെ ഒരു ഡിസാസ്റ്റർ ആയി മാറാൻ പാടില്ല. നിലവിൽ മൂന്ന് കാര്യങ്ങളുണ്ടെങ്കിൽ പുറത്തുപോകാമെന്ന് പറയുന്നു. അതിൽ ഒന്ന്, ആദ്യ ഡോസ് വാക്സിനേഷൻ എടുത്ത ആളുകൾ. ആദ്യ ഡോസ് വാക്സിൻ എടുത്തവർ എത്ര ശതമാനമുണ്ടെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. രണ്ടാമത്, ആർ.ടി.പി.സി.ആർ. ടെസ്റ്റ് 72 മണിക്കൂറിനുള്ളിൽ ചെയ്തവർ. ഒരുമാസത്തിൽ ഒരാൾക്ക് അയാളുടെ ജോലി സ്ഥലത്ത് പോകണമെങ്കിൽ എത്ര ആർ.ടി.പി.സി. ആർ. എടുക്കണം; മാസത്തിൽ പത്ത് ആർ.ടി.പി.സി.ആർ. എങ്കിലും എടുക്കണം അതിന് വരുന്ന ചെലവ് ആറായിരം രൂപയാണ്. ഒരാൾക്ക് പുറത്തിറങ്ങണമെങ്കിൽ, അയാളുടെ മാസവരുമാനം ആറായിരം രൂപയാണെങ്കിൽ, ആ തുക ആർ.ടി.പി.സി.ആർ.-ന് കൊടുക്കണം. മൂന്നാമത്തേത്, ഒരാൾക്ക് കോവിഡ് വന്നുപോയി എന്ന സർട്ടിഫിക്കറ്റ് വേണമെന്നാണ്. ഏത് ഹോസ്പിറ്റലിൽ

നിന്നാണ് നെഗറ്റീവായി കഴിഞ്ഞാൽ നിങ്ങൾക്ക് കോവിഡ് പൂർണ്ണമായും വന്നുപോയിയെന്ന് പറയുന്ന സർട്ടിഫിക്കറ്റ് ആരാണ് വിതരണം ചെയ്യുന്നത്; അങ്ങനെ കൊടുക്കാൻ പറ്റുമോ; കാരണം പോസ്റ്റ് കോവിഡ് ഇൻഫെക്ഷൻ വരുമോയില്ലേയോയെന്ന് ഏത് ഡോക്ടർക്കാണ് ഉറപ്പുനല്കി സർട്ടിഫിക്കറ്റ് നൽകാൻ കഴിയുന്നത്; ഈ പറയുന്ന മൂന്ന് കാര്യങ്ങളും പ്രായോഗികമല്ലായെന്നുള്ളതുകൊണ്ടാണ് ഇതൊരു ഡിസാസ്റ്റർ ആയി മാറരുതെന്ന് ഞാൻ പറഞ്ഞത്. അതേസമയം കുട്ടികൾക്ക് പോകുകയും ചെയ്യാം. യാതൊന്നും ആവശ്യമില്ല. ഇനി വരാനിരിക്കുന്ന മൂന്നാം തരംഗം കുട്ടികളെ ബാധിക്കുമെന്ന് പറയുന്ന സമയത്ത് കുട്ടികൾക്ക് ഇതൊന്നും ആവശ്യമില്ല എന്ന് ഇതിന്റെ കൂടെ പറയുകയും ചെയ്തു. എക്സ്പെർട്ട് കമ്മിറ്റി ഉള്ളപ്പോൾ എന്തുകൊണ്ടാണ് മൈന്റ് അപ്ലൈ ചെയ്യാത്തത്; ഞങ്ങൾ ഇവിടെ പറഞ്ഞ കുറെ കാര്യങ്ങൾ നടപ്പിലാക്കിയെങ്കിൽ സന്തോഷമുണ്ടാകുമായിരുന്നു.

<u>മി. സ്പീക്കർ</u>: ഇതെല്ലാം പലതവണ പറഞ്ഞ കാര്യങ്ങളാണ്. അങ്ങ് ചുരുക്കണം.

<u>ഡോ. എം. കെ. മുനീർ</u>: സർ, നാലാം തീയതി ആണ് ഈ ഉത്തരവ്

ഇറങ്ങിയത്. ഞങ്ങളതിനുശേഷം ഇവിടെ പറഞ്ഞിട്ടില്ലല്ലോ; ഈ ഓർഡറിനെക്കുറിച്ചാണ് പറയുന്നത് അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റ് ഇതുവരെ ചെയ്ത കാര്യങ്ങളിലൊന്നും ഞങ്ങൾ കുറ്റം പറയുന്നില്ല, ഇളവുകൾ ഉണ്ടാകണം. അതേസമയം പുല്ല് അരിയാൻ പോകുന്ന ആൾക്ക് അവരുടെ മിണ്ടാപ്രാണികളായ പശുവിന് തീറ്റകൊടുക്കാൻ പോകുന്ന ആളുകൾക്ക് രണ്ടായിരം രൂപ ഫൈനടച്ച് കോവിഡിനെ ഒരു പോലീസ് രാജാക്കി മാറ്റരുത്. ഇവിടെ പറഞ്ഞതുപോലെ ഇതൊരു രോഗമാണെന്ന് പരിഗണിച്ചുകൊണ്ട് ഇത് വലിയൊരു പാനിക് സിറ്റുവേഷൻ ഉണ്ടാകുന്ന രീതിയിൽ ആളുകൾ പോലീസിനെ കാണുമ്പോൾ ഓടി ഒളിക്കുന്നൊരു സാഹചര്യം ഒഴിവാക്കാൻ വേണ്ടി കൊണ്ടുവന്ന പ്രമേയം ഇവിടെ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷികളും ഇറങ്ങിപോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഇളവുകൾ പ്രതീക്ഷിച്ചിരുന്നപ്പോൾ കൂടുതൽ കർശനമായ കാര്യങ്ങളാണ് ഉണ്ടായിരിക്കുന്നത്. കടകളിൽ ആദ്യ ഡോസ് വാക്സിൻ എടുത്തവരെ തിരിച്ചറിഞ്ഞ് കടത്തി വിടുന്നതിന്റെ

ഉത്തരവാദിത്തം വ്യാപാരികൾക്കാണോ അതോ പോലീസിനാണോ; ഇക്കാര്യത്തിൽ കൺഫ്യൂഷൻ ഉണ്ടായിരിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് പുന:പരിശോധിക്കണം. നാലാം തീയതിയിൽ ഇറക്കിയ ഉത്തരവിൽ അപ്രായോഗ്യമായ കാര്യങ്ങൾ ഉണ്ട്, പോലീസിന് അമിതമായ അധികാരങ്ങൾ കൊടുത്തിരിക്കുന്നു. കൂടുതൽ ഇളവുകൾ പ്രതീക്ഷിച്ചപ്പോൾ ഇളവുകളിൽ കൂടുതൽ കർശനമായ നിലപാടുകളാണ് ഉണ്ടായിരിക്കുന്നത്. അതുകൊണ്ട് ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി)